# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3374 — 24/06/13-ൽ മറുപടിക്ക്

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) **1. മത്സ്യസമൃദ്ധി പദ്ധതി.**<br>കേരളത്തിലെ മത്സ്യോൽപാദനം 1.50 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു.<br>**2. ഉൾനാടൻ മത്സ്യകൃഷി വികസനം.**<br>മത്സ്യകർഷക വികസന ഏജൻസി വഴി നടപ്പിലാക്കുന്ന 75% കേന്ദ്രസഹായ പദ്ധതി.<br>**3. പരിസ്ഥിതി സൗഹൃദ ചെമ്മീൻകൃഷി.**<br>ആലപ്പുഴ,എറണാകുളം,തൃശ്ശൂർ ജില്ലകളിൽ 1150 ഹെക്ടറിൽ നടപ്പിലാക്കി വരുന്നു.<br>**4. ഒരു നെല്ലും ഒരു മീനും - കുട്ടനാട് & കോൾ നിലങ്ങൾ.**<br>ആലപ്പുഴ,കോട്ടയം,പത്തനംതിട്ട,തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി 431 ഹെക്ടർ കുട്ടനാടൻ പാടശേഖരത്തിലും, 4486 ഹെക്ടർ കോൾ നിലങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്.<br>**5.കൈപ്പാട് നിലങ്ങളിലെ ചെമ്മീൻകൃഷി.**<br>കണ്ണൂർ, കാസർഗോഡ്,കോഴിക്കോട് ജില്ലകളിലെ 2500 ഹെക്ടർ കൈപ്പാട് നിലങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷി വ്യാപിപ്പിക്കുക എന്നതാണ് ലക്ഷ്യം. 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രകാരം 108.6 ഹെക്ടർ കൈപ്പാട് നിലങ്ങളിൽ 2 കോടി രൂപ വിനിയോഗിച്ച് നെല്ലും ചെമ്മീനും കൃഷി നടപ്പിലാക്കി വരുന്നു. |

**6.വെള്ളായണി കായൽ സുസ്ഥിര മത്സ്യോ ല്പാദനവും മത്സ്യത്തൊഴിലാളികളുടെ ജീവനോ പാധി മെച്ചപ്പെടുത്തലും പദ്ധതി.**

67 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നത്. ഇതുവരെ 53.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 14.58 ലക്ഷം കാർപ്പ് മത്സ്യങ്ങളെയും 7.1 ലക്ഷം ആറ്റുകൊഞ്ചു കുഞ്ഞുങ്ങളെയും 13,840 കരിമീൻ കുഞ്ഞുങ്ങളെയും കായലിൽ നിക്ഷേപിച്ചിട്ടുണ്ട്.

**7.കുട്ടനാടൻകാർഷിക-പരിസ്ഥിതി പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷിയിലൂടെ.**

13-ാം ധനകാര്യകമ്മീഷൻ ധനസഹായ ത്തോടെ 2011 വർഷത്തിൽ ആരംഭിച്ച് 2015 വരെ തുടരുന്ന 19.70 കോടിയുടെ ഒരു സമഗ്ര മത്സ്യകൃഷി വികസന പദ്ധതി. പദ്ധതിയിൽ കീഴിൽ പ്രധാനമായും താഴെ പ്പറയുന്ന ഘടകങ്ങൾ ആലപ്പുഴ,കോട്ടയം, പത്തനംതിട്ട ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

1) ഒരു നെല്ലും ഒരു മീനും പദ്ധതി : 3000 ഹെക്ടർ.

2)വളപ്പുകളിലെ മത്സ്യകൃഷി : 300 യൂണിറ്റ്.

3) പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം : 3 സാങ്ചറികൾ.

4) കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ -100

പദ്ധതി പൂർത്തീകരിണത്തിലൂടെ കുട്ടനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് ഗണ്യമായി വർദ്ധിപ്പിക്കാമെന്നതിനു പുറമെ, വരുന്ന 5 വർഷകാലയളവിൽ 70 കോടി രൂപയുടെ ഉല്പാദന വരുമാനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു.

**8. കുട്ടനാടൻ കായലുകളിൽ കൂടുകളിലെ മത്സ്യകൃഷി.**

13-ാം ധനകാര്യകമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2012-14 വരെയുള്ള 2 വർഷ കാലാവധിയിൽ അംഗീകാരം ലഭിച്ച കൂടുകളിൽ കരിമീൻ മത്സ്യങ്ങളെ വളർത്തി വിളവെടുപ്പ് നടത്തുന്ന പദ്ധതി. 20 കൂടുകൾ ഉൾപ്പെടുന്ന 12 യൂണിറ്റുകൾ സ്ഥാപി ക്കുന്നതിലൂടെ 200-ൽ പരം കർഷകർക്ക് പ്രയോജനം ലഭിക്കും. 80% സബ്സിഡി നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നു.

**9. ആയിരം തെങ്ങ് ഫാമിൽ കരിമീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഫാമിനെ ഒരു കരിമീൻ വിത്തുല്പാദന കേന്ദ്രം ആയി ഉയർത്താനുമുള്ള പദ്ധതി.**

13-ാം ധനകാര്യകമ്മീഷന്റെ ധനസഹായത്തോടെ മേൽപ്പറഞ്ഞ പദ്ധതികൾക്ക പുറമെ, കേരളത്തിലെ എറ്റവും പ്രധാനപ്പെട്ട പ്രകൃത്യാഉള്ള കരിമീൻ ആവാസ കേന്ദ്രമായ ആയിരം തെങ്ങു ഫാമിനെ ഒരു കരിമീൻ വിത്തുല്പാദന കേന്ദ്രവും ഫാമും ആയി ഉയർത്താനുള്ള ഒരു ബൃഹത് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഫാമിന്റെ നവീകരണം, വിത്തുല്പാദന കേന്ദ്രം,മത്സ്യരോഗ നിർണ്ണയ ലാബ്,തീറ്റ ഉല്പാദന കേന്ദ്രം, ബോധവൽക്കരണ കേന്ദ്രം മുതലായവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതിയുടെ ഭാഗമായി 125 ലക്ഷം രൂപ ചെലവിൽ മത്സ്യത്തീറ്റ യൂണിറ്റും സ്ഥാപിക്കുന്നതാണ്.

ഈ പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ കേരളത്തിന്റെ തനതുമത്സ്യമായ കരിമീനിന്റെ വിത്തുല്പാദനത്തിൽ സ്വയംപര്യാപ്തമാകുമെന്നും കർഷകർക്ക് വരും കാലങ്ങളിൽ ആവശ്യമായ കരിമീൻ വിത്ത് യഥേഷ്ടം ലഭ്യമാക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

**10. ജലസംഭരണികളിൽ മത്സ്യസമ്പത്ത്/ ഉല്പാദന വർദ്ധനവിനായുള്ള മത്സ്യവിത്ത് നിക്ഷേപം.**

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷിയും മത്സ്യോല്പാദന സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രധാന്യം കണക്കിലെടുത്ത് ഏറ്റവും പ്രധാനപ്പെട്ട ഉൾനാടൻ ജലസ്രോതസ്സായ ജലസംഭരണികളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഒരു ബൃഹത് പദ്ധതി ദേശിയ മത്സ്യവികസന ബോർഡിന്റെ ധന സഹായത്തോടെ അഡാക്ക് വഴി നടപ്പിലാക്കി വരുന്നു. 2010 വർഷത്തിൽ ആരംഭിച്ച പദ്ധതിയിൽ നാളിതുവരെ 9 ജില്ലകളിലായി 19 ജലസംഭരണികളിൽ ഏകദേശം 1.11 കോടി മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയുണ്ടായി.

**11. രാഷ്ട്രീയ കൃഷി വികാസ് യോജന – നിറവ് പദ്ധതി.**

നിറവ് പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയമസഭാ മണ്ഡലത്തിലും എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ നിയമസഭാ മണ്ഡലത്തിലും 30 ഹെക്ടർ വീതം

പൊക്കാളി പാടങ്ങളിൽ ഓരുജല മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

12. **പൊയ്യ ഫാം/എരഞ്ഞോളി ഫാം.**

മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനായി അഡാക്കിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിൽ പൊയ്യ ഫാമിലും. കണ്ണൂർ ജില്ലയിൽ എരഞ്ഞോളി ഫാമിലും മത്സ്യകൃഷി നടപ്പിലാക്കി വരുന്നു.

13. **ഓടയം ഹാച്ചറി, വർക്കല.**

അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കലയിലെ ഓടയത്ത് പ്രവർത്തിച്ചുവരുന്ന ഹാച്ചറിയിൽ നിന്ന് ഗുണമേന്മയുള്ള ചെമ്മീൻ, ആറ്റുകൊഞ്ചു കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകി വരുന്നു.

(ബി) ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിനു ശേഷം മത്സ്യ സമ്പത്ത് വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉണ്ട്. മത്സ്യസമൃദ്ധി പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട്. ശുദ്ധജലാശയങ്ങളിൽ നിന്ന് 14152 ടൺ മത്സ്യവും പാടശേഖരങ്ങളിൽ നിന്ന് 2900 ടൺ മത്സ്യവും ഓരുജലാശയങ്ങളിൽ നിന്ന് 1899 ടൺ ചെമ്മീനും, 25 ടൺ കരിമീനും നാളിതുവരെ വിളവെടുപ്പിലൂടെ ലഭ്യമായിട്ടുണ്ട്.

അഡാക്ക്, കുട്ടനാട് കോൾ നിലങ്ങളിൽ 2011-12 വർഷത്തിൽ 9.75 ടൺ ആറ്റുകൊഞ്ചും 719.43 ടൺ മത്സ്യവും പൊക്കാളി പാടങ്ങളിൽ 268.78 ടൺ കാരചെമ്മീനും ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. കുട്ടനാട്, കോൾ നിലങ്ങളിൽ 2012-13 വർഷത്തിൽ ഭാഗികമായി നടന്ന വിളവെടുപ്പിൽ യഥാക്രമം 78 ടൺ, 587 ടൺ മത്സ്യവും കൈപ്പാട് നിലങ്ങളിൽ ഭാഗികമായി നടന്ന വിളവെടുപ്പിൽ 4.3 ടൺ ചെമ്മീനും 120 കിലോഗ്രം മത്സ്യവും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ